Single Window System for
Higher Secondary (Vocational)
Admission 2025-26

**പൊതു വിദ്യാഭ്യാസ വകുപ്പ്**
**ഹയർസെക്കണ്ടറി(വൊക്കേഷണൽ)വിഭാഗം**

*തീയതി: 15-07-2025*

## ട്രാൻസ്ഫർ അലോട്ട്മെന്റ്
## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

ഹയർസെക്കണ്ടറി (വൊക്കേഷണൽ) ഒന്നാം വർഷ വിദ്യാർത്ഥികളുടെ രണ്ടാം ട്രാൻസ്ഫർ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. ***https://admission.vhseportal.kerala.gov.in*** ൽ യൂസർഐഡി (ഫോൺനമ്പർ) യും പാസ്സ്‌വേർഡും നൽകി ട്രാൻസ്ഫർ അലോട്ട്മെന്റ് പരിശോധിക്കാം ട്രാൻസ്ഫർ അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ പുതുതായി അലോട്ട്മെന്റ് ലഭിച്ച സ്കൂൾ/കോഴ്സിലേക്ക് ***18.07.2025, 4.00*** മണിക്ക് മുൻപായി ***Permanent Admission*** നേടണം. അല്ലാത്ത പക്ഷം അത്തരം വിദ്യാർത്ഥികളുടെ അഡ്മിഷൻ റദ്ദാവുന്നതാണ്.

### 1. നിലവിലെ സ്കൂളിൽത്തന്നെ കോഴ്സ് മാറ്റം ലഭിച്ചവർ

നിലവിൽ പ്രവേശനം ലഭിച്ച സ്കൂളിൽത്തന്നെ മറ്റൊരു കോഴ്സിലേക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ, പ്രസ്തുത കോഴ്സ് മാറ്റത്തിൻറെ ഫലമായി അടയ്ക്കേണ്ട അധിക ഫീസ് മാത്രം ഒടുക്കിയാൽ മതിയാവും.

### 2. ഒരേ കോഴ്സിൽ തന്നെ സ്കൂൾ മാറ്റം ലഭിച്ചവർ

നിലവിൽ പ്രവേശനം നേടിയ അതേ കോഴ്സിൽത്തന്നെ മറ്റൊരു സ്കൂളിലേക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ റവന്യൂ വിഹിതം ഒഴികെ മുഴുവൻ ഫീസും പുതുതായി ചേർന്ന സ്കൂളിൽ അടക്കേണ്ടതാണ്.

### 3. പുതിയ സ്കൂളിൽ മറ്റൊരു കോഴ്സിൽ പ്രവേശനം ലഭിച്ചവർ

മറ്റൊരു കോഴ്സിൽ പുതിയ സ്കൂളിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ റവന്യൂ വിഹിതം ഒഴികെ മുഴുവൻ ഫീസും പുതുതായി ചേർന്ന സ്കൂളിൽ അടക്കേണ്ടതാണ്.

കമ്പ്യൂട്ടർ കോഴ്സുകളായ *Field Technician Computing Peripherals* (Course Code: 10), *Graphic Designer* (Course Code: 11), *Junior Software Developer* (Course Code: 13), *Web Developer* (Course Code: 49) ൽ പുതുതായി ട്രാൻസ്ഫർ അലോട്ട്മെൻറ് പ്രകാരം പ്രവേശനം നേടുന്ന കുട്ടികൾ കമ്പ്യൂട്ടർ അഡിഷണൽ സ്പെഷ്യൽ ഫീസായ 100 രൂപ പുതുതായി പ്രവേശനം നേടുന്ന സ്കൂളിൽ അടയ്ക്കേണ്ടതാണ്.

*ഏകജാലക കോഓർഡിനേറ്റർ*